LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 88 സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) പൊതുവായ മാനദണ്ഡം നിലവിലില്ല. സൗജന്യ ചികിത്സ നൽകുന്ന ആശുപത്രികളെക്കുറിച്ചുള്ള വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.†

(സി) കഴിഞ്ഞ വർഷം, സൗജന്യ ചികിത്സയ്ക്കായി മൊത്തം 2,65,51,027 രൂപ വിവിധ ആശുപത്രികൾ ചെലവാക്കിയിട്ടുണ്ട്.

(ഡി & ഇ) തൽക്കാലം പരിഗണനയിലില്ല.

പരിയാരം മെഡിക്കൽ കോളേജിലെ ഭരണ സമിതി

10 (5415) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജ് ഭരണ സമിതി പിരിച്ചുവിടുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ബി) പരിയാരം മെഡിക്കൽ കോളേജ് ഭരണസമിതി യോഗം ചേർന്ന് സമിതിയുടെ കാലാവധിക്ക് മുമ്പ് സ്വയം പിരിഞ്ഞു പോകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) നിലവിലുള്ള ഭരണസമിതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ഡി) പ്രസ്തുത ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പരിയാരം മെഡിക്കൽ കോളേജ് നടത്തുന്ന കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് അഡ്വാൻസ്ഡ് മെഡിക്കൽ സയൻസ് എന്ന സഹകരണ സ്ഥാപനത്തിന്റെ നിലവിലുണ്ടായിരുന്ന ഭരണ സമിതി അംഗങ്ങൾ ഒന്നടങ്കം രാജിവയ്ക്കുകയാണുണ്ടായത്. സംഘം ഭരണ സമിതി പിരിച്ചു വിടുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

(ബി) പരിയാരം മെഡിക്കൽ കോളേജ് നടത്തുന്ന കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് അഡ്വാൻസ്ഡ് മെഡിക്കൽ സയൻസസ് ഭരണ സമിതി കാലാവധിക്കുമുമ്പ് പിരിഞ്ഞു പോകുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും എടുത്തിട്ടില്ല. ഭരണസമിതി അംഗങ്ങൾ സ്വയം രാജി വയ്ക്കുകയാണുണ്ടായത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 22-9-2012-ൽ.

(ഡി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന കേസുകൾ എല്ലാം തീർപ്പായിട്ടുണ്ട്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുതിയതായി എന്തെങ്കിലും കേസുകൾ ഫയൽ ചെയ്തിട്ടുണ്ടോ എന്ന് നിയമപരമായി അറിവായിട്ടില്ല. എന്നാൽ പത്രവാർത്തകൾ വന്നിട്ടുണ്ട്.

സഹകരണ സംഘങ്ങളും ബാങ്കുകളും നൽകുന്ന ഗിഫ്റ്റുകൾ

11 (5416) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളും ബാങ്കുകളും അംഗങ്ങൾക്ക് ഗിഫ്റ്റുകൾ വിതരണം ചെയ്യുന്നത് നിയമപ്രകാരമാണോ ;

(ബി) ഗിഫ്റ്റുകൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) നിയമ വിരുദ്ധമായാണ് ഗിഫ്റ്റുകൾ നൽകുന്നതെങ്കിൽ അതിനു വേണ്ടി ചെലവഴിച്ച തുക ഭരണ സമിതിയിൽ നിന്ന് ഈടാക്കുവാൻ സാധിക്കുമോ ;

(ഡി) നിയമ വിധേയമല്ലാതെ 'ഗിഫ്റ്റുകൾ' നൽകിയതുമൂലം പ്രസ്തുത സ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം കഴിഞ്ഞ നാല് വർഷത്തിനിടയിൽ എത്ര സഹകരണ സംഘം/ബാങ്കുകളിലെ ഭരണ സമിതിയിൽ നിന്നും തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളും ബാങ്കുകളും അംഗങ്ങൾക്ക് ഗിഫ്റ്റുകൾ വിതരണം ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ നിയമാനുസൃതമല്ല.

(ബി) ഗിഫ്റ്റുകൾ വിതരണം ചെയ്യുന്നത് നിയമാനുസൃതമല്ലാത്തതിനാൽ മാനദണ്ഡങ്ങൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനങ്ങൾ ഗിഫ്റ്റുകൾ വിതരണം ചെയ്യരുതെന്ന് സഹകരണ സംഘം രജിസ്ട്രാർ 45/80, 6/2000 നമ്പർ സർക്കുലറുകൾ മുഖാന്തിരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സാധിക്കും. സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം/വകുപ്പ് 66 പ്രകാരമുള്ള പരിശോധനകൾ നടത്തിയും ആഡിറ്റിൽ കണ്ടെത്തുന്ന തുകകളും കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ചെയ്ത് ഉത്തരവാദികളിൽ നിന്നും ഈടാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly